(ഡി) എക്സൈസ് കമ്മീഷണറേറ്റിലെ എല്ലാ സീറ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കമ്പ്യൂട്ടർ അടിസ്ഥാന പരിശീലനം നൽകിവരുന്നു. എല്ലാ ജീവനക്കാർക്കും നാഷണൽ ഇൻഫർമാറ്റിക് സെന്റർ ഇ-മെയിലിൽ ഐ.ഡി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് മുഖേന എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

74 (4408) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ലഹരി വിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വലമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എന്ത് തുക അനുവദിക്കുകയുണ്ടായി ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, അല്ലാതെയുള്ള ബോധവൽക്കരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ, ആദിവാസി പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലും റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേസ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, സംസ്ഥാന തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പരിപാടികൾ. ഇതോടൊപ്പം തന്നെ ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനതലത്തിൽ 11 ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി. സി.-യുടെ തുക ഉപയോഗിച്ച് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ പുനർജനി-2030-നോടനുബന്ധിച്ച് കെ.എസ്.ബി.സി.യുടെ ഫണ്ട് ഉപയോഗിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വഴി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2011-12	1,20,00,000	1,19,27,247
2	2012-13	90,00,000	89,41,085
3	2013-14	75,20,000	73,38,852
4	2014-15	60,00,000	60,00,000
5	2015-16	80,00,000	16,63,439
	ആകെ	4,25,20,000	3,58,70,623

(സി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, എൻ.ജി.ഒ.-കൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ഉത്തരവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. 29-8-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 115/2011/നി.വ. ഉത്തരവ് പ്രകാരം സ്കൂൾ തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിനായി തീരുമാനിച്ചു.

2. 2-11-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 157/2011/നി.വ. ഉത്തരവ് പ്രകാരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ചു.

3. 14-2-2012-ലെ ജി.ഒ.(പി.) നമ്പർ 17/2012/നി.വ. ഉത്തരവ് പ്രകാരം ഒരു വ്യക്തിക്ക് സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിൽ കുറവ് വരുത്തിക്കൊണ്ട് ചട്ടഭേദഗതി നടത്തി.

4. 18-4-2012-ലെ ജി.ഒ.(പി) നമ്പർ 72/2012/നി.വ. ഉത്തരവ് പ്രകാരം ബാറുകളുടെ സമയക്രമീകരണത്തിൽ മാറ്റം വരുത്തിക്കൊണ്ട് ചട്ടം ഭേദഗതി നടത്തി.

5. 23-8-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 147/2013/നി.വ. ഉത്തരവ് പ്രകാരം ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

6. 9-12-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 205/2013/നി.വ. ഉത്തരവ് പ്രകാരം കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിനായി തീരുമാനിച്ചു.

7. 13-2-2013-ലെ നമ്പർ 5211/Leg. A2/2013/Law നമ്പർ ആക്ട് പ്രകാരം മദ്യം വാങ്ങുന്നതിനുള്ള പ്രായം 18-ൽ നിന്നും 21 വയസ്സാക്കി ചട്ടം ഭേദഗതി നടത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

8. 27-6-2014 -ലെ സ.ഉ.(സാധാ.) നമ്പർ 498/2014/നി.വ. ഉത്തരവ് പ്രകാരം ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണം ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു.

9. പുനർജനി-2030-നോടനുബന്ധിച്ച് സുബോധം എന്ന പേരിൽ നടപ്പിലാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉന്നതതല കമ്മിറ്റിയും പ്രവർത്തനലക്ഷ്യങ്ങൾക്കുള്ള വ്യവസ്ഥകളും രൂപീകരിച്ച് 27-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 73/2015/നി.വ. പ്രകാരം ഉത്തരവായി.

LIBRARY ARCHIVES Kerala Legislative Assembly